**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T4996 23.03.2018 ന് മറുപടിയ്ക്ക്.

**നീലക്കുറിഞ്ഞി മേഖലയുടെ സംരക്ഷണത്തിനായി നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.പി.സജീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) അപൂർവ്വ സസ്യ സംരക്ഷണത്തിനായി സംസ്ഥാനത്ത് ആദ്യമായി രൂപീകരിച്ച നീലക്കുറിഞ്ഞി മേഖലയുടെ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിപാലനത്തിനായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, വൈദേശീയ കള നിർമ്മാർജ്ജനം, കഞ്ചാവ് റെയ്ഡുകൾ, പ്രൊട്ടക്ഷൻ ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ അനുശാസിക്കുന്ന വിധം സംരക്ഷണ പ്രവർത്തനങ്ങളും നടത്തി വരുന്നു.<br>കൂടാതെ ടി പ്രദേശത്തിന്റെ സംരക്ഷണം, കയ്യേറ്റമൊഴിപ്പിക്കൽ, ഭൂമിയുമായി ബന്ധപ്പെട്ട മറ്റ് പരിശോധനകൾ എന്നിവ നടത്തുന്നതിനായി 03.05.2014-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.177/14/റവ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി.നിവേദിത പി ഹരന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ 16.02.2015-ൽ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.69/15/റവ. പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം ടി മേഖലയിലെ എല്ലാ തണ്ടപ്പേരുകളുടേയും പരിശോധന ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസ് മുഖേന നടത്തി വരുന്നു. |
| (ബി) 2006 ഒക്ടോബർ 7- ാം തീയതി നീലക്കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം ഉണ്ടായത് ഭൂപതിവ് നിയമ പ്രകാരം പട്ടയം ലഭിച്ച ഭൂമിയെ ഇതിൽ നിന്നും ഒഴിവാക്കിയായിരുന്നോ എന്നറിയിക്കാമോ ; | (ബി) നീലക്കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം വട്ടവട വില്ലേജിലെ ബ്ലോക്ക് നം.62, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് നം.58 എന്നിവ ഉൾപ്പെടെ 32 ച.കി.മീ സ്ഥലം ഉൾപ്പെടുത്തിയാണ് നടത്തിയത്. ഉദ്ദേശം 3200 ഹെക്ടർ കുറിഞ്ഞിമല വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഇൻഡക്ഷൻ നോട്ടിഫിക്കേഷനിൽ പട്ടയം ഉള്ള സ്ഥലങ്ങൾ ഒഴിവാക്കിയിരുന്നു. എങ്കിലും അതിരളവുകൾ പൂർത്തിയായാൽ മാത്രമേ ഇക്കാര്യം വ്യക്തമാവുകയുള്ളൂ. |

| | |
|---|---|
| (സി) വ്യാജ പട്ടയം ഉപയോഗിച്ചുള്ള കയ്യേറ്റവും അനധികൃത ഭൂമി കയ്യേറ്റങ്ങളും ഒഴിപ്പിച്ച് നടപടികൾ പൂർത്തിയാക്കി അന്തിമ വിജ്ഞാപനം ഇറക്കുവാൻ ദേവികുളം സബ്കളക്ടറെ 2007 ൽ സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; അന്തിമ വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (സി) നടപടികൾ പൂർത്തിയാക്കി അന്തിമ വിജ്ഞാപനം ഇറക്കുവാൻ ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ ഭാഗമായി അവകാശവാദങ്ങൾ തീർപ്പാക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. സബ് കളക്ടർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പ്രാദേശീക രാഷ്ട്രീയ പാർട്ടികളുടെ എതിർപ്പ് മൂലം ഭൂരേഖകൾ പരിശോധിച്ച് യഥാർത്ഥ പട്ടയമുള്ള കർഷകരെ കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; | (ഡി) പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടേയും പ്രദേശവാസികളുടേയും കരിദിനം ആചരിക്കൽ അടക്കമുള്ള വ്യാപക പ്രതിഷേധം ഉണ്ടാകുകയും ക്രമസമാധാനപ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തതിനാൽ പട്ടയത്തിന്റെ സാധുത സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ കക്ഷികളെ നേരിൽ കേൾക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള നടപടികൾ തടസ്സപ്പെട്ടിരുന്നു. |
| (ഇ) മുൻ ദേവികുളം സബ് കളക്ടർ ഭൂരേഖകൾ പരിശോധിക്കുവാൻ നടത്തിയ ശ്രമം, കർഷക സംഘം ദേവികുളം ആർ.ഡി.ഒ. ഓഫീസിന് മുന്നിൽ സമരം നടത്തി പരാജയപ്പെടുത്തിയിരുന്നോ; | (ഇ) ഭൂരേഖകൾ പരിശോധിക്കുവാൻ ശ്രമം നടത്തിയപ്പോൾ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിനു മുമ്പിൽ സമരം നടക്കുകയുണ്ടായി. |
| (എഫ്) കുറിഞ്ഞി ഉദ്യാനത്തിൽ വ്യാപകമായി ഭൂമികയ്യേറ്റം ഉണ്ടായിട്ടുള്ളതായി, ദേശീയ ഹരിത ട്രൈബ്യൂണലിൽ ദേവികുളം സബ് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (എഫ്) അത്തരത്തിലൊരു റിപ്പോർട്ട് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ